നം.ഡി 1-2018-2019

ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
ഹൈഡ്രോളജി സബ് ഡിവിഷൻ,
തൃശ്ശൂർ 20
തിയ്യതി. 18.02.2019

**ക്വട്ടേഷൻ പരസ്യം**

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഹൈഡ്രോളജി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും പൊതു ജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നു.

ഈ ഓഫീസിന്റെ അധികാര പരിധിയിൽപ്പെട്ട വിവിധ തരങ്ങളിലുള്ള ഗേജിങ്ങ് സ്റ്റേഷനുകളിലെ അളവുകളും കണക്കുകളും എടുക്കുവാനും അതിനായി നൽകിയിരിക്കുന്ന രജിസ്ററുകളിൽ കൃത്യമായി അളവുകൾ തൽക്ഷണം രേഖപ്പെടുത്തുവാനും അതിന്റെ റിപ്പോർട്ടുകൾ മേലധികാരികളുടെ നിർദ്ദേശ പ്രകാരം ദൈനംദിനം തപാലിൽ അയക്കുവാനും സ്റ്റേഷന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുവാനും ടി ആവശ്യങ്ങൾക്കായി നൽകുന്ന ഉപകരണങ്ങൾ കൈപ്പററി രശീതി കൊടുത്ത് കേടുവരാതെ ഉപയോഗിച്ച് കരാർ കാലാവധിക്ക് ശേഷം ചാർജ്ജ് ഓഫീസറെ തിരിച്ചേൽപ്പിക്കുവാനും കാലാകാലങ്ങളിൽ തരുന്ന നിർദ്ദേശങ്ങൾ അതേ പടി നടപ്പാക്കുവാനും വേണ്ടി **2019 ഏപ്രിൽ 1-ാം തിയ്യതി മുതൽ 2020 മാർച്ച് 31-ാംതിയ്യതി** വരെ ഉൾപ്പെടുന്ന കാലയളവുകളിലേക്ക് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

സ്ഥിരം റെയിൻഗേജ്, റിവർഗേജ്, കറന്റ്മീററർ, AWLR ഉപകരണങ്ങൾ എന്നിവ ഉപയോഗിച്ച് ഒരുമിച്ചും വേർതിരിച്ചും ചെയ്യേണ്ട പ്രവർത്തികൾക്ക് പ്രതിമാസം ഏതുനിരക്കിൽ ചെയ്യാമെന്ന് അക്കത്തിലും അക്ഷരത്തിലും പേരും പോസ്ററൽ അഡ്രസ്സും ചേർത്ത് നിശ്ചിത ഫോറത്തിൽ തരേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യതയും വയസ്സും ജനനതിയതിയും ക്വട്ടേഷനിൽ ചേർക്കേണ്ടതാണ്.

പ്രവർത്തി ചെയ്യുന്നതിനുള്ള പ്രതിഫലം കാലാകാലങ്ങളിൽ സർക്കാറിൽ നിന്നും അനുവദിച്ചുതരുന്ന പണത്തിന് ആനുപാതികമായി പ്രതിഫലം ബാങ്ക് അക്കൗണ്ട് മുഖേന ആയി തരുന്നതാണ്. ഉപകരണങ്ങൾ നാശപ്പെടുത്തിയാൽ അതിന്റെ വില നിശ്ചയിച്ച് ടി സംഖ്യ ക്വട്ടേഷണർക്ക് നൽകുന്ന പ്രതിഫലത്തിൽ നിന്നും ഈടാക്കുന്നതാണ്.

മേൽ പറഞ്ഞ ഉപകരണങ്ങൾ മുഴുവനുമായോ ഭാഗികമായോ പ്രവർത്തിക്കാതെ, റീഡിങ്ങ് എടുക്കാതെയോ വരുകയാണെങ്കിൽ ആനുപാതികമായി താഴെ വിവരിക്കുന്ന പ്രകാരം പ്രതിഫലത്തിൽ കുറവ് വരുത്തുന്നതിനുള്ള എല്ലാ അധികാരവും ഈ ഓഫീസിന് ഉണ്ടായിരിക്കുന്നതാണ്.

| | | |
|---|---|---|
| 1) കറന്റ് മീറ്റർ | - | ദിനംപ്രതി 60 രൂപ വീതം |
| 2) റീഡിങ്ങ് എടുക്കാത്ത ദിവസം | - | ദിനംപ്രതി ക്വട്ടേഷൻ നിരക്കിന്റെ 1/30 പ്രകാരമുള്ള തുക |
| 3) എഫ്.സി.എസ്. സ്റ്റേഷൻ | - | ദിനംപ്രതി ഓരോ ഉപകരണത്തിനും രൂപ 20 വീതം |

ഗേജ്റീഡർ ഗേജിങ്ങിന് നിശ്ചയിച്ചിരിക്കുന്ന സമയത്തിന് 30 മിനിററ് മുൻപ് സ്ഥലത്ത് വരേണ്ടതും കൃത്യസമയത്ത് റീഡിങ്ങ് എടുത്ത് രേഖപ്പെടുത്തേണ്ടതും നിശ്ചിത സമയത്തിന്ശേഷം 30 മിനിററ് കൂടി സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതും ആകുന്നു.

പുഴയിൽ സ്ഥാപിച്ചിട്ടുള്ള റിവർഗേജുകളുടെ അളവുകൾ ദൈനംദിനം അസി. ഡയറക്ടർമാരുടെ നിർദ്ദേശപ്രകാരം രാവിലെ 8 മണിക്ക് മാത്രമോ, 8 മണി, ഉച്ചക്ക് 12:00 മണി, വൈകുന്നേരം 4:00 മണി എന്നീ മൂന്ന് സമയങ്ങളിലോ എടുക്കേണ്ടതും റെയിൻഗേജുകളുടെ അളവുകൾ ദൈനംദിനം 8.30 മണിക്ക് എടുക്കേണ്ടതും ആണ്.

ക്വട്ടേഷണർ പുഴയുടെ ഒഴുക്കിന്റെ വേഗത അറിയുവാൻ മൂന്നിൽ ഒരുഭാഗം വലുപ്പമുള്ള ചകിരിതോട്, നിർദ്ദേശിക്കുന്നതുപോലെ ഉപയോഗിക്കേണ്ടതും അപ്രകാരം മൂന്ന് റീഡിങ്ങ് എടുക്കുന്നതിനായി ഒരു തേങ്ങയുടെ മുഴുവൻ ചകിരിയും ഉയോഗിക്കേണ്ടതാണ്. ഇപ്രകാരം ദിവസം തോറും 3 തേങ്ങയുടെ തോട് ഉപയോഗിക്കേണ്ടതാണ്. പുഴയുടെ ഒഴുക്കിന്റെ വേഗത അറിയുവാൻ കറന്റ്മീററർ ഉപയോഗിക്കുന്ന സ്ഥലങ്ങളിൽ രാവിലെ 8 മണിക്ക് റീഡിങ്ങ് എടുക്കേണ്ടതാണ്.

സീൽ വെച്ച ക്വട്ടേഷനുകൾ ഡെപ്യൂട്ടി ഡയറക്ടർ ഹൈഡ്രോളജി സബ് ഡിവിഷൻ, തൃശ്ശൂർ എന്ന മേൽവിലാസത്തിൽ **2019 ഫെബ്രുവരി മാസം 28-ാം തീയതി** 3:00 മണിക്ക് മുൻപായി കിട്ടേണ്ടതാണ്. വൈകി കിട്ടുന്ന ക്വട്ടേഷനുകൾ യാതൊരുകാരണവശാലും സ്വീകരിക്കുന്നതല്ല. ക്വട്ടേഷനുകൾ അന്നേ ദിവസം വൈകീട്ട് 4:00 മണിക്ക് തുറക്കുന്നതും ക്വട്ടേഷണറുടെ മുൻകാലപരിചയം, വിദ്യാഭ്യാസ യോഗ്യത എന്നിവ കൂടി കണക്കിലെടുത്ത്, ഏററവും കുറഞ്ഞ നിരക്ക് എഴുതിതരുന്ന ആളെ നിയമിക്കുന്നതാണ്. ഏററവും കുറഞ്ഞ നിരക്ക് എഴുതി തന്ന ആൾ അനുയോജ്യനല്ല എന്ന് കണ്ടാൽ അടുത്ത ക്വട്ടേഷണറെ തെരഞ്ഞെടുക്കുന്നതാണ്. അപ്രകാരം തെരഞ്ഞെടുക്കുന്ന ആൾ 200 രൂപയുടെ മുദ്രപത്രത്തിലും വേണ്ടപ്പെട്ട വ്യവസ്ഥകളോടെ ഒരു കരാർ 2 സാക്ഷികളുടെ മുൻപാകെ ഒപ്പിട്ട് തരേണ്ടതും **2019 മാർച്ച് മാസം 31-ാം തിയതി** വൈകീട്ട് സ്റേറഷന്റെ ചാർജജ്, ഉപകരണങ്ങളോടുകൂടി അതാത് അസിസ്ററന്റ് ഡയറക്ടർമാരിൽനിന്ന് ഏററുവാങ്ങേണ്ടതാണ്.

കരാർ ഉടമ്പടിക്ക് വിപരീതമായി പ്രവർത്തിക്കുകയോ കൃത്യ സമയത്ത് ജോലിക്ക് ഹാജരാകാതിരിക്കുകയോ ജോലി കൃത്യമായി ചെയ്യാതിരിക്കുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷണറെ പിരിച്ച് വിടുന്നതും തൽസ്ഥാനത്ത് അടുത്ത ആളെ നിയോഗിക്കുന്നതും ആകുന്നു. ഈ ജോലി 12 മാസത്തെ കാലയളവിലേക്ക് മാത്രം കരാർ അടിസ്ഥാനത്തിൽ നൽകുന്നതാകുന്നു. ക്വട്ടേഷനുകൾ നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ ഹൈഡ്രോളജി സബ് ഡിവിഷൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ബഹുമാനപ്പെട്ട കേരള ഗവർണ്ണർക്കുവേണ്ടി തൃശ്ശൂർ ഹൈഡ്രോളജി ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്നും പൊതു ജനങ്ങളുടെ അറിവിലേക്കായി പരസ്യപ്പെടുത്തുന്നു.

**തൃശ്ശൂർ ഹൈഡ്രോളജി സബ് ഡിവിഷന്റെ കീഴിലുള്ള എച്ച്-പി സ്റേറഷനുകൾ**

| | | | |
|---|---|---|---|
| 1. | കുറുമാലി | (റിവർ) | **ഹൈഡ്രോളജി സെക്ഷൻ തൃശ്ശൂർ** |
| 2. | മണലി | (റിവർ) | |
| 3. | ഏനാമാക്കൽ | (റെയിൻ) | |
| 4. | തൃപ്രയാർ | (റെയിൻ) | |
| 5. | ചെറുതുരുത്തി | (റിവർ) | **ഹൈഡ്രോളജി സെക്ഷൻ വടക്കാഞ്ചേരി** |
| 6. | ആളൂർ | (റിവർ) | |
| 7. | എളനാട് | (റെയിൻ) | |
| 8. | കുന്ദംകുളം | (റെയിൻ) | |
| 9. | തൃത്താല | (റെയിൻ) | |
| 10. | കാഞ്ഞിരപ്പുഴ | ( FCS ) | **ഹൈഡ്രോളജി സെക്ഷൻ പാലക്കാട്** |
| 11. | ചിററൂർ-അട്ടപ്പാടി | (റിവർ) | |
| 12. | ചിററൂർ-അട്ടപ്പാടി | (റെയിൻ) | |
| 13. | ഒററപ്പാലം | (റെയിൻ) | |
| 14. | ചിററടി | (റെയിൻ) | |
| 15. | പുതൂർ | (റെയിൻ) | |
| 16. | വൈന്തല | (റെയിൻ) | **ഹൈഡ്രോളജി സെക്ഷൻ ചാലക്കുടി** |
| 17. | ചിമ്മിനിഡാം | (റെയിൻ) | |
| 18. | വരന്തരപ്പിള്ളി | (റെയിൻ) | |
| 19. | മതിലകം | (റെയിൻ) | |
| 20. | വെററിലപ്പാറ | (റെയിൻ) | |
| 21. | വെററിലപ്പാറ | (റിവർ) | |
| 22. | കാരിക്കടവ് | (റെയിൻ) | |
| 23. | കാരിക്കടവ് | (റിവർ) | |

**തൃശ്ശൂർ ഹൈഡ്രോളജി സബ് ഡിവിഷന്റെ കീഴിലുള്ള സി.ജി.ഒ.സ്റേറഷനുകൾ**

| | | | |
|---|---|---|---|
| 1. | കുണ്ടുകാട് | (റിവർ) | **ഹൈഡ്രോളജി സെക്ഷൻ തൃശ്ശൂർ** |
| 2. | കരുവന്നൂർ | (റിവർ) | |
| 3. | തിരുവേഗപ്പുറ | (റിവർ) | **ഹൈഡ്രോളജി സെക്ഷൻ വടക്കാഞ്ചേരി** |

| | | | |
|---|---|---|---|
| 4. | ചിററടി | (റിവർ) | ഹൈഡ്രോളജി സെക്ഷൻ പാലക്കാട് |
| 5. | വണ്ടാഴി | (റിവർ) | |
| 6. | വിത്തനശ്ശേരി | (റിവർ) | |
| 7. | കൽക്കണ്ടിയൂർ | (റിവർ) | |
| 8. | കോട്ടത്തറ | (റിവർ) | |

ഡെപ്യൂട്ടി ഡയറക്ടർ
ഹൈഡ്രോളജി സബ് ഡിവിഷൻ,
തൃശ്ശൂർ. 20

പകർപ്പ്.....

1. എക്സിക്യൂട്ടീവ് എൻഞ്ചിനീയർ, ഹൈഡ്രോളജി ഡിവിഷൻ, തൃശ്ലൂർ
2. അസി.എൻജിനിയർ ഹൈഡ്രോളജി സെക്ഷൻ, പാലക്കാട്
3. അസി. ഡയറക്ടർ ഹൈഡ്രോളജി സെക്ഷൻ, തൃശ്ലൂർ
4. അസി. ഡയറക്ടർ ഹൈഡ്രോളജി സെക്ഷൻ, ചാലക്കുടി
5. അസി. ഡയറക്ടർ ഹൈഡ്രോളജി സെക്ഷൻ, വടക്കാഞ്ചേരി
6. നോട്ടീസ്ബോർഡ്
7. ഫയൽ